**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2214 — 05.12.2018 ൽ മറുപടിക്ക്

## കോങ്ങാട് സി.എച്ച്.സി -യിലെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
| കോങ്ങാട് സി.എച്ച്.സി -യിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ? | ഇവിടെ രോഗികളായ പുരുഷൻമാർക്കും സ്ത്രീകൾക്കും പ്രത്യേകം ഇരിപ്പിടവും, വയോജനങ്ങൾക്ക് പ്രത്യേക ഇരിപ്പിടവും, ഒ.പി.സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. മാതൃ-ശിശു സംരക്ഷണ പരിപാടിയുടെ ഭാഗമായി ബ്രെസ്റ്റ് ഫീഡിംഗ് കോർണർ സൗകര്യം ഒരുക്കിയിട്ടുണ്ട്. ആശുപത്രിയുടെ വിവിധ ഭാഗങ്ങളിൽ രോഗികൾക്ക് ശുദ്ധമായ കുടിവെള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ജീവിതശൈലീരോഗങ്ങളുടെ ക്ലിനിക് എല്ലാ ആഴ്ചയിലും നടത്തി വരുന്നു.<br><br>ഫൈലേറിയ-ലിംഫെഡിമ രോഗികൾക്ക് മാസത്തിലെ രണ്ടാമത്തെ ചൊവ്വാഴ്ച 'സഹിത' ക്ലിനിക് നടത്തി പരിചരണം നൽകി വരുന്നു. ഓപ്പറേഷൻ തിയേറ്റർ, സി.എച്ച്.സി.-യുടെ പരിമിതിക്കുള്ളിൽ നിന്ന് ചെയ്യാവുന്ന കാര്യങ്ങൾക്ക് സുസജ്ജമാക്കിയിട്ടുണ്ട്. എക്സ്റേ സൗകര്യം ലഭ്യമാക്കുന്നതിനുള്ള കെട്ടിടനിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു. മാസത്തിലെ എല്ലാ മൂന്നാമത്തെ വ്യാഴാഴ്ചയും മാനസികാരോഗ്യ ക്ലിനിക് നടത്തി വരുന്നു. ഫിസിയോതെറാപ്പി ചെയ്യുന്നതിനായി ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനത്തോടെ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പാലിയേറ്റീവ് രോഗികൾക്കും വയോജനങ്ങൾക്കും പ്രത്യേക ഒ.പി.സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ കീഴിലുള്ള 9 പഞ്ചായത്തുകളിലെയും കൗമാരപ്രായക്കാരായ കുട്ടികൾക്ക് കൗൺസിലിംഗ് നടത്തുന്നതിനായി അഡോളസൻസ് ഹെൽത്ത് കൗൺസിലറെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ